
Malayman

# മാതൃഭാഷയുടെ പ്രാധാന്യം

## മാതാപിതാക്കൾക്കായുള്ള ഒരു ലഘുലേഖ





## നിങ്ങളുടെ കുട്ടിക്ക് നിങ്ങൾനല്കുന്ന ഏറ്റവും വിലപ്പെട്ട ഒരു സമ്മാനമാണ് ഭാഷ. എന്നാൽഎങ്ങനെയാണ് നിങ്ങൾഅത് നല്കുക?

## ഉത്തരം ലളിതമാണ്.

## എല്ലാ ദിവസവും നിങ്ങളുടെ ഭാഷയിൽനിങ്ങളുടെ കുട്ടിയോട് സംസാരിക്കുക!

### മാതൃഭാഷ എന്തുകൊണ്ടാണ് പ്രധാനപ്പെട്ടതാകുന്നത്?

നിങ്ങൾനിങ്ങളുടെ കുട്ടികളോട് സംസാരിക്കുന്ന ഭാഷയാണ് അവർആദ്യം പഠിക്കുന്ന ഭാഷ. കുടുംബത്തിലെ ബാക്കിയുള്ളവരുമായും, അവരുടെ സംസ്കാരവും സമൂഹവുമായും, നിങ്ങളുമായുള്ള അവരുടെ ആദ്യ ബന്ധവും ഇതാണ്. 'ജിവിതത്തിന് വേണ്ടി തയ്യാറാക്കുന്നതിന്" അവരെ സഹായിക്കുന്ന ഭാഷയാണ് ഇത് - കൂടാതെ നിങ്ങളാണ് ഈ പ്രവർത്തനത്തിന്റെ കേന്ദ്രഭാഗം! മാതാപിതാക്കൾകുട്ടികളുടെ ആദ്യ അധ്യാപകരാകുന്ന അനേകം വഴികളിലൊന്നാണ് ഇത്.


### മാതൃഭാഷ ഉപയോഗിക്കുന്നത് കൊണ്ടുള്ള ഗുണങ്ങൾഎന്തൊക്കെയാണ്?


മാതൃഭാഷ ഉപയോഗിക്കുന്നത് നിങ്ങളുടെ കുട്ടികളെ കുടുംബവുമായി ബന്ധിപ്പിക്കും. ഇതിന് പുറമേ നിങ്ങളുടെ പ്രധാനപ്പെട്ടഅ സാംസ്കാരിക പാരമ്പര്യങ്ങളുമായും, അതേ ഭാഷ സംസാരിക്കുന്ന സുഹൃത്തുക്കളുമായും അയൽക്കാരുമായും ഇത് വഴി ഒരു ബന്ധം സ്ഥാപിക്കപ്പെടും. നിങ്ങളുടെ മാതൃഭാഷ ഉപയോഗിക്കുന്നത് വഴി നിങ്ങൾക്ക് കുട്ടികളെ പഠിപ്പിക്കാനും, ഒരുമിച്ച് പുതിയ കാര്യങ്ങൾപഠിക്കാനും സാധിക്കും. പുതിയ അനുഭവങ്ങളെയും വാക്കുകളെയും കുറിച്ച് നിങ്ങൾക്ക് സംസാരിക്കാനാകും; നിങ്ങൾക്ക് അക്ഷരങ്ങളും സംഖ്യകളും പരിശീലിക്കാനാകും. നിങ്ങളുടെ കുട്ടിയുടെ ആദ്യകാല പഠനത്തിൽപ്രധാനപ്പെട്ട ഭാഗമാണ് ഈ കാര്യങ്ങളെല്ലാം - നിങ്ങൾഏറ്റവും സൗകര്യപ്രദമായ ഭാഷയിൽഇവ ചെയ്താൽനിങ്ങൾക്ക് ഇത് എളുപ്പവും കൂടുതൽരസകരവുമായിരിക്കും.

### എന്നാൽഇംഗ്ലീഷിനെ സംബന്ധിച്ച് എന്താണ്?

സ്കൂളിലും ജിവിതത്തിലും വിജയം നേടുന്നതിന് യുകെയിൽജിവിക്കുന്ന കുട്ടികൾക്ക് ഇംഗ്ലീഷ് ആവശ്യമാണ്. ഭാഗ്യവശാൽചെറിയ കുട്ടികൾക്ക് എളുപ്പത്തിൽരണ്ട് ഭാഷ ഉപയോഗിക്കാൻസാധിക്കും. ഒന്നിലേറെ ഭാഷകൾനന്നായി സംസാരിക്കുന്ന വ്യക്തിക്ക് പഠനത്തിലും, യാത്രയിലും, ജോലിയിലും യുകെയിലും യൂറോപ്പിലും/ലോകത്തിലുടനീളവും കൂടുതൽഅവസരങ്ങളുണ്ടാകും.

പ്രധാനപ്പെട്ട കാര്യം : രണ്ട് ഭാഷകൾഉപയോഗിക്കുന്നത് കുട്ടികളുടെ ചിന്താശേഷി ശക്തിപ്പെടുത്താനും ദീർഘകാലയളവിൽമികച്ച അക്കാദമിക് ഫലങ്ങൾനേടാനും സഹായിക്കും.





## മാതൃഭാഷയുടെ പ്രാധാന്യം

## മാതാപിതാക്കൾക്കായുള്ള ഒരു ലഘുലേഖ



**ഞാൻഅൽപം ഇംഗ്ലീഷ് സംസാരിക്കുമെങ്കില് അത് വീട്ടിൽഉപയോഗിക്കാമോ?**
നിങ്ങൾക്ക് ഉപയോഗിക്കാൻഏറ്റവും സൗകര്യപ്രദമായ ഭാഷയിൽസംസാരിക്കണം. നിങ്ങളുടെ ഇംഗ്ലീഷിനേക്കാൾശക്തമാണ് നിങ്ങളുടെ മാതൃഭാഷയെങ്കിൽശക്തമായ ഭാഷാശേഷികൾരൂപീകരിക്കുന്നതിനായി നിങ്ങൾകുട്ടികളോട് മാതൃഭാഷയിൽസംസാരിക്കണം.

**രണ്ട് ഭാഷകൾഉപയോഗിക്കുന്നത് എന്റെ കുട്ടികൾക്ക് ആശയക്കുഴപ്പമുണ്ടാക്കുമോ?**

ചെറിയ കുട്ടികൾക്ക് രണ്ടോ അതിലേറെയോ ഭാഷകൾഒരേ സമയം പഠിക്കാൻസാധിക്കും. മുതിർന്നവരുമായി സംസാരിക്കുകയും ശ്രദ്ധിക്കുകയും ചെയ്യുന്നതിൽഏറെ അനുഭവങ്ങൾഉണ്ടാകുമ്പോൾഅവർവേഗത്തിൽപഠിക്കും. ചിലപ്പോൾകുട്ടികൾരണ്ട് ഭാഷകളിൽനിന്നുമുള്ള വാക്കുകളും പ്രയോഗങ്ങളും ഒരുമിച്ച് ഉപയോഗിക്കും. അത് കുഴപ്പമില്ല! അവര് ആശയക്കുഴപ്പത്തിലാണ് എന്നാണ് ഇത് തോന്നിപ്പിക്കുന്നതെങ്കിലും യഥാർത്ഥത്തിൽഅവർരണ്ട് ഭാഷകളുടെയും നിയമങ്ങളും പദശേഖരങ്ങളും പഠിക്കുകയും അവ തങ്ങളുടെ മസ്തിഷ്കത്തിൽക്രമീകരിക്കുകയുമാണ് ചെയ്യുന്നത്. ഇത് നല്ല പഠനത്തിന്റെയും ചിന്തയുടെയും അടയാളമാണ്.

**എന്റെ കുട്ടികൾഇംഗ്ലീഷാണ് സംസാരിക്കാൻതെരഞ്ഞെടുക്കുന്നത്. ഞാൻഎന്ത് ചെയ്യും?**

ആദ്യമായുള്ള കാര്യം ഇതിൽആശങ്കപ്പെടേണ്ടതില്ല എന്നതാണ്. തങ്ങളുടെ സുഹൃത്തുക്കളെല്ലാം ഇംഗ്ലീഷ് സംസാരിക്കുന്നതിനാലാവും നിങ്ങളുടെ കുട്ടികൾഇംഗ്ലീഷ് സംസാരിക്കാനായി തെരഞ്ഞെടുക്കുന്നത്. ഭാഷയെക്കുറിച്ച് നിങ്ങളുടെ കുട്ടിയുമായി സംസാരിക്കുക. രണ്ട് ഭാഷകളും പഠിക്കുന്നത് പ്രധാനമാണ് എന്ന് വിശദീകരിക്കുക. അവരുടെ ജീവിതത്തിൽനിങ്ങളുടെ ഭാഷ സംസാരിക്കുന്ന പ്രിയപ്പെട്ട ബന്ധുക്കളും, സുഹൃത്തുക്കളും ഉൾപ്പെടുന്ന സവിശേഷരായ വ്യക്തികളെക്കുറിച്ച് സംസാരിക്കുക. രണ്ട് ഭാഷകൾഉപയോഗിക്കുന്ന അവർക്ക് സുഹൃത്തുക്കളെ നേടാനും, പുതിയ സംസ്കാരങ്ങളെക്കുറിച്ച് പഠിക്കാനും പതിന്മടങ്ങ് അവസരമുണ്ടെന്ന് വിശദീകരിച്ച് നല്കുക.

പുസ്തകങ്ങൾവായിക്കുക, പാട്ടുകള്പാടുക, കളികൾകളിക്കുക തുടങ്ങിയവ വഴി നിങ്ങളുടെ വീട്ടുഭാഷയെ രസകരമാക്കുക. ഏത് തരത്തിലുള്ള ജോലി ചെയ്യുമ്പോഴും അത് ഉപയോഗിക്കുക. നിങ്ങളുടെ ഭാഷ ഒരു സമ്മാനമാണ്. അത് സംസാരിക്കുന്നത് നിങ്ങളുടെ കുടുംബത്തെ പരസ്പരം അടുപ്പിച്ച് നിർത്തും.

നിങ്ങളുടെ കുട്ടികളുമായുള്ള ബന്ധം ഭാഷയെ ആശ്രയിച്ചാണ് എന്നത് ഓർമ്മിക്കുക. അവയ്ക്ക് പ്രായമേറുമ്പോൾആശയവിനിമയം വർദ്ധിച്ച തോതിൽപ്രാധാന്യം നേടും. വിപുലമായ വിഷയങ്ങളെ സംബന്ധിച്ച് നിങ്ങൾസംഭാഷണം നടത്തും. ഒരേ ഭാഷയിലാണ് നിങ്ങളും നിങ്ങളുടെ കുട്ടിയും തമ്മിൽസംസാരിക്കുന്നതെങ്കിൽഅത് എളുപ്പവും രസകരവുമായിരിക്കും.

**എനിക്ക് വീട്ടിൽഎന്ത് ചെയ്യാനാകും?**

- നിങ്ങളുടെ മാതൃഭാഷയിൽകഥകൾപറയുകയും കുട്ടികൾക്ക് വായിച്ച് നല്കുകയും ചെയ്യുക.
- നിങ്ങൾകുട്ടിയായിരുന്നപ്പോൾപഠിച്ച ഈരടികള്, മന്ത്രങ്ങള്, പാട്ടുകള്, കവിതകൾഎന്നിവ പങ്കുവെയ്ക്കുക.
- നിങ്ങളുടെ പ്രാദേശിക ലൈബ്രറിയിലെ കഥകള്, പ്രാദേശിക ഉത്സവങ്ങള്, സംസ്കാരിക പരിപാടികൾതുടങ്ങിയ നിങ്ങളുടെ ഭാഷയിലുള്ള കൗതുകകരമായ കാര്യങ്ങൾക്കായി തിരയുക.
- ദ്വിഭാഷാ പുസ്തകങ്ങള്, ചിത്ര പുസ്തകങ്ങള്, അല്ലെങ്കിൽനിങ്ങളുടെ സ്വന്തം ഭാഷയിലുള്ള പുസ്തകങ്ങൾഎന്നിവ സമീപത്തുള്ള പബ്ലിക് ലൈബ്രറിയിലുണ്ടോയെന്ന് നോക്കുക.

**രണ്ട് ഭാഷകളിലുള്ള കഥകള്**

നിങ്ങൾക്ക് ചെയ്യാവുന്ന ഒരു നല്ല കാര്യമാണ് മാതൃഭാഷയിൽകുട്ടിക്കൊപ്പം വായിക്കുക എന്നത്. ഇംഗ്ലീഷിലും നിങ്ങളുടെ മാതൃഭാഷയിലുമായി ദ്വിഭാഷയിലുള്ള കഥാ പുസ്തകങ്ങൾനിങ്ങളുടെ സമീപത്തുള്ള പബ്ലിക് ലൈബ്രറിയിലുണ്ടാവും. നിങ്ങളുടെ കുട്ടിയുടെ സ്കൂളിലും ഇത്തരത്തിൽചിലതുണ്ടാവും.





